# കയർ മേഖലയിൽനിന്ന് ഒരു മാലിന്യവിശേഷം

സാജൻ എസ്. തുമ്പോളി, ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ ആലപ്പുഴ പട്ടണത്തിൽനിന്നും ഏകദേശം 4 കി.മീ വടക്കു മാറി ആലപ്പുഴ മുനിസിപ്പാലിറ്റിയുടെയും ആര്യാട് ഗ്രാമപഞ്ചായത്തിന്റെയും അതിർത്തിയിൽ പ്രവർത്തിക്കുന്ന M/s. N.C. John & Co. യിലെ ജലമലിനീകരണം മൂലം 2002 മുതൽ ഏകദേശം 400 കുടുംബാംഗങ്ങൾ തികഞ്ഞ ശുദ്ധജലക്ഷാമത്തിൽ കഴിയുകയാണ്.

1984-ൽ കയർ റബറൈസിംഗിന് വേണ്ടി തുടങ്ങിയ പ്രസ്തുത കമ്പനി 2002 ജനുവരിയിൽ കയർ ബ്ലീച്ച് ചെയ്യുന്നതിനും ഡൈ ചെയ്യുന്നതിനും വേണ്ടി അവരുടെ ഒരു യൂണിറ്റ് ഇവിടെ തുടങ്ങി. ഇവിടെ ഉപയോഗിക്കുന്ന ഹൈഡ്രജൻ പെറോക്സൈഡ്, ചായങ്ങൾ, ആസിഡ് എന്നിവ ഭൂമിയിൽ ഒഴിക്കുന്നതുമൂലം 2002 മെയ് മാസം മുതൽ ഇവിടത്തെ വെള്ളത്തിന് എണ്ണപ്പാട, നിറവ്യത്യാസം, പതഞ്ഞുപൊങ്ങുക, ഒഴിച്ച ചെടികൾ ഉണങ്ങിപ്പോവുക, ശരീരത്തിൽ ചൊറിച്ചിൽ, തെങ്ങുകൾ ദ്രവിക്കുക എന്നിവ അനുഭവപ്പെട്ടതിനെ തുടർന്ന് ആലപ്പുഴ, മലിനീകരണ ബോർഡ് എഞ്ചിനീയർക്ക് പരാതി നൽകി. എന്നാൽ അവയ്ക്ക് യാതൊരു നടപടിയും സ്വീകരിക്കാത്തതുമൂലം ഈ മണ്ഡലത്തിലെ അന്നത്തെ എം.എൽ.എ.യും ഇന്നത്തെ ധനകാര്യമന്ത്രിയുമായ ശ്രീ. തോമസ് ഐസക്ക് ഉൾപ്പെടെ 16 അധികാരികൾക്ക് പരാതി നൽകി.

ഇതിനുശേഷം ഇവിടത്തെ ഭൂഗർഭജലം പരിശോധിച്ച പി.സി.ബി. എഞ്ചിനീയർ ഈ മേഖലയിൽ ഉണ്ടായ മലിനീകരണം എൻ.സി. ജോൺ കമ്പനിയിൽനിന്നുണ്ടായതാണെന്നും ഇവിടെ അപകടരമായ രീതിയിൽ മലിനീകരണം നടന്നു എന്ന് രേഖാമൂലം മറുപടി നൽകി. ഈ കമ്പനിയുടെ ഉടമസ്ഥർ അന്നത്തെ റവന്യൂമന്ത്രിയുടെ ബന്ധുക്കളായതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനെ ഒരാഴ്ചക്കുള്ളിൽ സ്ഥലം മാറ്റി. പിന്നീട് വന്ന ഉദ്യോഗസ്ഥന കമ്പനിയുടെ സ്ഥാപിത താല്പര്യക്കാരനായതിനാൽ അവർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറായില്ല. 2002 ഡിസംബർ 19-ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണിക്ക് പരാതി നൽകി. 2003 ഫെബ്രുവരി 5-ന് OP 4391/2003 എന്ന പേരിൽ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിന്റെ വിധിയിൽ പ്രസ്തുത കമ്പനിക്ക് ആര്യാട് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകുന്നത് പിസിബിയുടെയും ഡിഎംഒയുടെയും നിർദ്ദേശങ്ങൾക്കനുസരിച്ച് ആവണമെന്നും അതിൽ വീഴ്ച വന്നാൽ ലൈസൻസ് പിൻവലിക്കുകയോ കമ്പനി അടച്ചിടുകയോ വേണമെന്ന് പഞ്ചായത്തിന് നിർദ്ദേശം നൽകി.

പ്രസ്തുത കേസിൽ ഹൈക്കോടതി നിയമിച്ച കമ്മീഷൻ മലിനീകരണം സ്ഥിരീകരിക്കുകയും കമ്പനിയുടെ നിഷേധാത്മക നിലപാടുകൾക്കെതിരെ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകുകയും ചെയ്തു. 2003 മെയ് മാസത്തിൽ കമ്പനിയിൽ സംയുക്ത പരിശോധന നടത്തിയ പിസിബി എഞ്ചിനീയറും ഡിഎംഒയും പ്രസ്തുത കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇല്ല എന്നതിന്റെ പേരിൽ കമ്പനിക്ക് സ്റ്റോപ് മെമ്മോ നൽകി.

2003 സെപ്തംബർ 29-ന് പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കമ്പനിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 2003 നവംബർ 1-ന് മറുപടി തൃപ്തികരമല്ലാത്തതിന്റെ പേരിൽ സ്റ്റോപ് ഓർഡർ നൽകി. ഇതിന്റെ ഫലമായി ബന്ധുവായ മന്ത്രി ഇടപെട്ട് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയെ നവംബർ 3-ന് സ്ഥലം മാറ്റി പകരം വീട്ടി.

2004-ൽ ഹൈക്കോടതി നിയമിച്ച രണ്ടാമത്തെ കമ്മീഷൻ ചുറ്റുപാടുകൾ പരിശോധിക്കുകയും മലിനീകരണത്തെ സംബന്ധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തു.

ഈ വസ്തുതകൾ നിലനിൽക്കെ പിസിബി എഞ്ചിനീയർ കമ്പനിക്ക് പ്രവർത്തനാനുമതി നൽകി. 2004 സെപ്തംബറിൽ ബഹു. ഇന്ത്യൻ പ്രസിഡന്റിന് ഇവിടത്തെ നാട്ടുകാരും ജില്ലാ ഗ്രാമപഞ്ചായത്ത് അംഗവും പരാതി നൽകി. ഈ പരാതി കേരള ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടും ഇന്നേവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

കേരള ഭൂഗർഭജല വകുപ്പ് നടത്തിയ പരിശോധനയിൽ ഇവിടത്തെ ജലം 45 മീറ്ററിൽ താഴെവരെ മലിനപ്പെട്ടതായി അറിയിക്കുകയും രേഖാമൂലം നൽകുകയും ചെയ്തു. റീജിയണൽ അനലിറ്റിക്കൽ ലാബുകളിലും കൊച്ചിയിലെ ഭൂഗർഭ വകുപ്പ് നടത്തിയ പരിശോധനയിലും ജലം അതിഭീകരമാംവിധം മലിനീകരിക്കപ്പെട്ടതായി സ്ഥിരീകരിക്കുന്നു.

28-02-2006 ലെ ഹൈക്കോടതി വിധിയിൽ മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുവാൻ മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ ഈ ഉദ്യോഗസ്ഥനെ രക്ഷിക്കുവാൻ വേണ്ട നടപടികളാണ് പിസിബി അധികൃതർ സ്വീകരിക്കുന്നത്.

പഞ്ചായത്ത് അപ്പലേറ്റ് നൽകിയ വിധിയെയും മറികടന്ന് അവർ പ്രവർത്തനാനുമതി പുതിയ ഭരണസമിതിയെക്കൊണ്ട് നേടാൻ ശ്രമിക്കുന്നു. കടലിൽനിന്ന് ഏകദേശം 1 കി.മീ മാത്രം അകലെയുള്ള ഈ പ്രദേശത്ത് ഒരുതുള്ളി ഭൂഗർഭജലം പോലും അന്യമായ ഈ നാട്ടിൽ ഒരുദിവസം 20 ലിറ്റർ വെള്ളം എന്ന നക്കാപ്പിച്ച നൽകാമെന്നു പറഞ്ഞ് നാട്ടുകാരെ വശത്താക്കാൻ ശ്രമിക്കുന്നതിനെതിരെ ഒറ്റക്കെട്ടായി പ്രതികരിക്കുന്നു.